(ബി) സർക്കാർ മേഖലയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ വിദഗ്ധ ചികിത്സ ലഭിക്കുന്നതിനുള്ള ആശുപത്രിയാണ് കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രി എന്നതു കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തിക അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ്, ഫിസിഷ്യൻ തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റികൂടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിലേക്ക് യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽനിന്നും കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്ദമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തിചികിത്സ

88 (753) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഭൗതിക സൗകര്യങ്ങളുണ്ടെങ്കിലും കിടത്തി ചികിത്സ പുനഃസ്ഥാപിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെ കിടത്തി ചികിത്സ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വലിയകുന്ന് താലൂക്കാശുപത്രിയിൽ ടോമാ കെയർ

89 (754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ടോമാ കെയർ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly